©
Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്

## EXTRAORDINARY
## അസാധാരണം

### PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്



| | | | | |
|---|---|---|---|---|
| Vol. LIV<br>വാല്യം 54 | Thiruvananthapuram, Monday<br>തിരുവനന്തപുരം, തിങ്കൾ | 5th January 2009<br>2009 ജനുവരി 5<br>15th Pousha 1930<br>1930 പൗഷം 15 | No.<br>നമ്പർ | 37 |



## കേരള സർക്കാർ

### നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 18643/ലെഗ്. സി2/2008/നിയമം.

തിരുവനന്തപുരം, 2009 ജനുവരി 5
1930 പൗഷം 15

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2009 ജനുവരി 3-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജോൺ ബ്രിട്ടോ,
നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2009

33/78/2009/DTP.

2009-ലെ 5-ാം ആക്റ്റ്

# 2008-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ്

2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അമ്പത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2008-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2008 ജൂൺ 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (2006-ലെ 24), (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ (ജി) ഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധനയ്ക്കുപകരം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്,

അതായത്:—

"എന്നാൽ 1948-ലെ ഫാക്ടറീസ് ആക്റ്റോ, 1951-ലെ പ്ലാന്റേഷൻ ലേബർ ആക്റ്റോ ബാധകമായിട്ടുള്ള സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളി ഈ ആക്റ്റിന്റെ പരിധിയിൽ ഉൾപ്പെടുന്നതല്ല".

3. 3-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിലെ (ഇ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഫ്) സ്ഥിരമായ ശാരീരിക അവശതമൂലം രണ്ട് വർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ അല്ലെങ്കിൽ അറുപത് വയസ്സ് തികയുകയോ ചെയ്തിട്ടുള്ള അംഗങ്ങൾക്ക് അവർ അടച്ച അംശദായത്തുക തിരികെ നൽകുന്നതിന്.".

4. '3എ' എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"3എ. കേരള തൊഴിലാളി ക്ഷേമനിധിയിൽ അംഗമായതും കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ പരിധിയിൽ വരുന്നതുമായ തൊഴിലാളി നിധിയിലെ അംഗമാണെന്ന്.—(1) 1975-ലെ കേരള തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (1977-ലെ 11) എന്തുതന്നെ അടങ്ങിയിരുന്നാലും, കേരള തൊഴിലാളി ക്ഷേമനിധിയിൽ അംഗമായതും 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ (1960-ലെ 34) പരിധിയിൽ വരുന്നതുമായ ഒരു തൊഴിലാളി ഈ ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളി ആയിരിക്കുന്നതും ഈ ആക്റ്റ് പ്രകാരം രൂപീകരിച്ചിട്ടുള്ള ക്ഷേമനിധിയിൽ അംഗമാകേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം അംഗമാകുന്ന തൊഴിലാളി, 1975-ലെ കേരള തൊഴിലാളി ക്ഷേമനിധി ആക്റ്റിൻകീഴിലുള്ള തൊഴിലാളി ക്ഷേമനിധിയിൽ അംഗമല്ലാതായിത്തീരുന്നതാണ്.".

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2008-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2008-ലെ 27) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

GOVERNMENT OF KERALA

**Law (Legislation-C) Department**

NOTIFICATION

No. 18643/Leg. C2/08/Law. *Dated, Thiruvananthapuram, 5th January, 2009*
*15th Pousha, 1930.*

In pursuance of clause (3) of Article 348 of the Constitution of India, the Governor is pleased to authorise the publication in the Gazette of the following translation in the English language of the Kerala Shops and Commercial Establishments Workers' Welfare Fund (Amendment) Act, 2008 (5 of 2009).

By order of the Governor,

K. John Britto,
*Special Secretary (Law).*

[Translation in English of "2008-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ്", published under the authority of the Governor.]

## ACT 5 OF 2009

## THE KERALA SHOPS AND COMMERCIAL ESTABLISHMENTS WORKERS' WELFARE FUND (AMENDMENT) ACT, 2008

*An Act to amend the Kerala Shops and Commercial Establishments Workers' Welfare Fund Act, 2006.*

*Preamble.*—WHEREAS, it is expedient to amend the Kerala Shops and Commercial Establishments Workers' Welfare Fund Act, 2006 for the purposes hereinafter appearing;

BE it enacted in the Fifty-ninth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Shops and Commercial Establishments Workers' Welfare Fund (Amendment) Act, 2008.

(2) It shall be deemed to have come into force on the 10th day of June, 2008.

2. *Amendment of section 2.*—In the Kerala Shops and Commercial Establishments Workers' Welfare Fund Act, 2006 (24 of 2006) (hereinafter referred to as the principal Act), for the proviso to clause (g) of section 2, the following proviso shall be substituted, namely:—

"Provided that the workers employed in the establishments where the Factories Act, 1948 or the Plantation Labour Act, 1951 are applicable, shall not include under the purview of this Act.".

3. *Amendment of section 3.*—After clause (e) of sub-section (4) of section 3 of the principal Act, the following clause shall be inserted, namely:—

"(f) for the refund of the amount of contribution remitted by the members who are unable to work, for a period of more than two years due to permanent physical infirmity or had completed the age of sixty years.".

33/78/09

4. *Insertion of new section '3A'*.—After section 3 of the principal Act the following section shall be inserted, namely:—

"3A. *A worker who is a member of the Kerala Labour Welfare Fund and coming under the purview of the Kerala Shops and Commercial Establishments Act be a member of the Fund.*—(1) Notwithstanding anything contained in the Kerala Labour Welfare Fund Act, 1975 (11 of 1977), a worker who is a member of the Kerala Labour Welfare Fund and coming under the purview of the Kerala Shops and Commercial Establishments Act, 1960 (34 of 1960) shall be a worker coming under the purview of this Act and shall have to become member of the Welfare Fund constituted under this Act.

(2) A worker who became member under sub-section (1) shall cease to be a member of the Labour Welfare Fund under the Kerala Labour Welfare Fund Act, 1975.".

5. *Repeal and saving.*—(1) The Kerala Shops and Commercial Establishments Workers' Welfare Fund (Amendment) Ordinance, 2008 (27 of 2008) is hereby repealed.

(2) Notwithstanding such repeal, anything done or any action taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act as amended by this Act.